## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം : 323

09.04.2013-ൽ മറുപടി
നൽകേണ്ടത്

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.കെ. ബാലൻ<br>,, ബാബു എം. പാലിശ്ശേരി<br>,, എം. ഹംസ<br>ശ്രീമതി കെ.കെ. ലതിക | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ആവശ്യത്തിനായി സംസ്ഥാനത്ത് മിച്ചഭൂമി കണക്കെടുപ്പ് നടത്തിയിരുന്നോ; | (എ) ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമിയിൽ വാസയോഗ്യമല്ലാത്ത പാറക്കെട്ടുകളും, വെള്ളക്കെട്ടുകളും ഒഴിവാക്കി ഭവന നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി കണ്ടെത്തി വരികയാണ്. |
| (ബി) സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കൈവശം ഉപയോഗിക്കാതെയുള്ള ഭൂമിയുടെ കണക്കുകൾ തയ്യാറാക്കിയിട്ടുണ്ടോ; എത്ര വകുപ്പുകൾ ഇതുവരെ കണക്കുകൾ നൽകിയിട്ടുണ്ട്; ഏതെല്ലാം വകുപ്പുകൾ ഇനി നൽകാനുണ്ട്; | (ബി) വിവരം എല്ലാ ജില്ലാ കളക്ടർമാർ മുഖാന്തിരം ശേഖരിച്ചു വരുന്നു. |
| (സി) ഇത്തരത്തിൽ കണക്കുകൾ നൽകുന്നതിന് വകുപ്പുകൾ വിമുഖത കാണിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (സി) ഇല്ല. |
| (ഡി) ഏത് വകുപ്പിലാണ് ഏറ്റവും കൂടുതൽ ഇത്തരം ഭൂമി ഉള്ളതെന്നറിയിക്കാമോ; ഇതുവഴി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് എത്ര ഹെക്ടർ ഭൂമി കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ? | (ഡി) ജില്ലാകളക്ടർമാരുടെ റിപ്പോർട്ട് പ്രകാരം വനം, ജലസേചനം എന്നീ വകുപ്പുകളിലാണ് ഉപയോഗിക്കാതെ കിടക്കുന്ന കൂടുതൽ ഭൂമി ഉള്ളതായി കാണുന്നത്. ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയുടെ അടിസ്ഥാനത്തിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് പരമാവധി ഭൂമി കണ്ടെത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ